ഖുത്ബ
22.12.2006
ബയ്ത്തുസ്സുബുഹ്, ജർമനി

# പാശ്ചാത്യലോകം ദൈവത്തെ പരിഹസിക്കുന്നു

ഈയിടെയായി പാശ്ചാത്യരാജ്യങ്ങളിൽ ഇസ്‌ലാമിന്നെതിരിൽ ഒരുവിധത്തിൽ പറഞ്ഞാൽ കഠിനമായ എതിർപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ചിലർ തുറന്നെഴുതുന്നു. ചിലർ മുസ്‌ലിംകളോടു അനുകമ്പ കാണിക്കുന്നു എന്നു തോന്നുംവിധം ഇസ്‌ലമികാധ്യാപനങ്ങളുടെ ചില കുറവുകൾ ചൂണ്ടിക്കാണിക്കുന്നു. അല്ലെങ്കിൽ, ഇക്കാലത്ത് അതനുസരിച്ച് പ്രവർത്തിക്കാൻ പറ്റില്ലെന്ന് പറയുന്നു. തങ്ങൾ മതത്തിന്നെതിരാണെന്ന് പറഞ്ഞുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുന്ന ചില വിഭാഗവുമുണ്ട്. അത്തരക്കാർ ദൈവനിഷേധികളാണ്. അവരുടെ വീക്ഷണത്തിൽ പറഞ്ഞാൽ, ദൈവത്തെക്കുറിച്ചുള്ള സങ്കല്പം തന്നെയാണ് ഈ ലോകത്ത് സകല കുഴപ്പങ്ങളും സൃഷ്ടിക്കുന്നത്. ഞാൻ കഴിഞ്ഞ ഒരു ഖുത്ബയിൽ, ഇംഗ്ലണ്ടിലും ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, ക്രിസ്തുമസ്സിനു മുമ്പേ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഉത്തമകൃതിയാണിതെന്ന് അവകാശപ്പെടുന്നുവെന്നും പറഞ്ഞിരുന്നു. അതിലും ദൈവം എന്നൊന്നില്ല എന്നു വരുത്തിത്തീർക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇപ്രകാരംതന്നെ ജർമ്മനിയിലും ഇസ്‌ലാമിനേയും ദൈവത്തിന്റെ അസ്തിത്വത്തേയും സംബന്ധിച്ച് നിരർത്ഥകവും വ്യർത്ഥവുമായ കാര്യങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഇവിടെ പോപ്പ് വന്നപ്പോൾ യൂനിവേഴ്സിറ്റിയിൽ അദ്ദേഹം നടത്തിയ ഒരു പ്രഭാഷണത്തിൽ നബി(സ) തിരുമേനിയേയും ഇസ്‌ലാമിലെ ദൈവസങ്കല്പത്തേയും കുറിച്ച് ആക്ഷേപം ഉന്നയിച്ചിരുന്നു. അത്ഭുതപ്പെട്ടുപോകുംവിധമുള്ള കാര്യങ്ങളാണ് അദ്ദേഹം സംസാരിച്ചത്. സമാധാനപാലകരെന്നും സ്നേഹം പരത്തുന്നവരെന്നും വാദിക്കുന്നവരുടെ തലപ്പത്തിരിക്കുന്ന വ്യക്തിയ്ക്ക് എങ്ങനെ ഇത് സംസാരിക്കാൻ കഴിയുന്നു എന്നാലോചിക്കുമ്പോൾ ആശ്ചര്യം തോന്നുന്നു. പക്ഷേ, ഏതൊരു സ്വാതന്ത്ര്യത്തിന്റെ പേരിലാണോ അദ്ദേഹം സംസാരിച്ചത്, അല്ലെങ്കിൽ വിവിധ അവസരങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ചും നബി(സ) തിരുമേനിയെക്കുറിച്ചും അങ്ങേയറ്റം തരംതാണതും ഹൃദയത്തെ മുറിപ്പെടുത്തുന്നതുമായ കാര്യങ്ങൾ പത്രങ്ങളിൽ എഴുതിയത്, അല്ലെങ്കിൽ ചില നേതാക്കളുടെ പ്രസ്താവനകളിൽ കാണാൻ കഴിഞ്ഞത്, ആ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി എത്രമാത്രം വിശാലമാണെന്നുവെച്ചാൽ, അല്പസ്വല്പം മതവിശ്വാസം വെച്ചുപുലർത്തുന്ന ഇവിടുത്തുകാരുടെ ഭാവനയ്ക്കനുസരിച്ചുള്ള ദൈവത്തെയും അതായത് ക്രൈസ്തവമതത്തെയും ഹദ്റത്ത് ഈസായെ തന്നെയും അത് വെറുതെ വിട്ടിട്ടില്ലെന്ന് കാണാം.

ഇവിടെ കഴിഞ്ഞ ദിനങ്ങളിൽ ഒപ്പേറയിൽ അങ്ങേയറ്റം തറയായ ഒരു നാടകം കളിച്ചിരുന്നു. ക്രിസ്തുമതമോ അല്ലെങ്കിൽ മതത്തിൽനിന്ന് അകന്നുനില്ക്കുന്ന ഭൂരിപക്ഷമോ ഒരാക്ഷേപവും അതിന്നെതിരിൽ ഉന്നയിച്ചില്ല. എന്നല്ല, അതനുവദനീയമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അനുവദനീയമാണെന്ന് പറഞ്ഞുവെന്ന് മാത്രമല്ല, അതിനെ വളരെ ഇഷ്ടപ്പെടുകയും ചെയ്തു. ചില മുസ്‌ലിം സംഘടനകളുടെ നേതാക്കന്മാരും അത് അനുവദനീയമാണെന്ന് പറഞ്ഞു. അതിൽ തുർക്കിയിലെ നേതാക്കന്മാരും മറ്റുള്ളവരുമുണ്ട്. എന്തായാലും മതവുമായി ബന്ധം പുലർത്തുന്ന ക്രിസ്ത്യാനികളിൽ ഒരുവിഭാഗം അങ്ങനെയുമുണ്ട്. ചില പാതിരിമാരുമായി നമ്മുടെയാളുകൾ ബന്ധപ്പെടുകയും സംസാരിക്കുകയും ചെയ്തപ്പോൾ അവർ, അഹ്മദികളുടെ പ്രതികരണത്തെ അംഗീകരിച്ചു. അവരുടെ നടപടി തെറ്റാണെന്നും മറ്റുള്ളവരുടെ വികാരംകൊണ്ട് കളിക്കുകയാണെന്നും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരത്തെ വ്രണപ്പെടുത്തുകയാണെന്നും ദൈവത്തിന്റേയും പ്രവാചകന്മാരുടേയും അഭിമാനത്തിന്മേലുള്ള ആക്രമണമാണ് അതെന്നും പറഞ്ഞു. വാസ്തവം അതുതന്നെയാണ്. ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരംകൊണ്ട് കളിച്ചിട്ട് അവർ പറയുന്നു, നിങ്ങൾ പാശ്ചാത്യ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും അതിന്റെ പ്രകടനത്തിനും എതിരെ ശബ്ദം ഉയർത്തുകയാണെന്ന്. പാശ്ചാത്യ ആവിഷക്കാര സ്വാതന്ത്ര്യത്തിന്നെതിരിൽ ശബ്ദം ഉയർത്തുന്ന ആർക്കും തങ്ങളുടെ സമൂഹത്തിൽ താമസിക്കാൻ അവകാശമില്ലെന്ന് വിളംബരം ചെയ്യുന്നു. അങ്ങനെയാണെ

ങ്കിൽ നിങ്ങളുടെ മാതൃരാജ്യത്ത് പൊയ്ക്കൊള്ളണമെന്നും ഭീഷണിമുഴക്കുന്നു.

സ്വന്തം കാര്യത്തിന് ഇവർ വലിയ ബോധവാന്മാരാണ്. തങ്ങൾക്കിഷ്ടമുള്ളത് ചെയ്യും എന്ന നിലപാടാണ് അവരുടേത്. എങ്ങനെ വേണമെങ്കിലും സ്വാതന്ത്ര്യത്തോടെ ജീവിക്കും. ആരോട് എന്തുവേണമെങ്കിലും പറയും. ഇഷ്ടമുള്ള വസ്ത്രം ധരിക്കും. ഇല്ലെങ്കിൽ നഗ്നരായി നടക്കും. എന്നാൽ, ഒരു മുസ്‌ലിം സ്ത്രീ സന്തോഷത്തോടുകൂടി സ്വന്തം തല മറച്ചുനടന്നാൽ, സ്കാർഫ് കെട്ടിയാൽ ഉടനെ അവരുടെ ആക്ഷേപം തുടങ്ങുന്നു. വിവിധ രീതിയിലും വിവിധ സന്ദർഭത്തിലും ഇസ്‌ലാമിന്നെതിരിൽ ആക്ഷേപം ഉണ്ടായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ മുസ്‌ലിം യുവാക്കളിൽ ഇസ്‌ലാമിനോട് തെറ്റുധാരണയുണ്ടാക്കാനുള്ള അടവാണിത്. ലോകം- ഇതിൽ പാശ്ചാത്യരാണ് മുൻപന്തിയിലുള്ളത്- മതത്തിൽനിന്ന് അകന്നുകൊണ്ടിരിക്കുന്നുവെന്നതാണ് പരമാർത്ഥം. അകലാൻ അവർ ആഗ്രഹിക്കുന്നു. കാരണം അവരുടെ പക്കലുള്ള മതത്തിൽ ജീവിതമില്ല. അത് ജീവിതം നല്കുന്ന മതവുമല്ല. അവർ, മനുഷ്യനെ, ദൈവമാക്കിക്കൊണ്ട്, ബഹുദൈവാരാധനയിൽ അകപ്പെട്ട് അവസാനം ഇങ്ങനെയൊക്കെതന്നെയാകണമായിരുന്നു. അതാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ, മുസ്‌ലിംകളെന്നു പറയുന്നവരും ഭൗതികത നഷ്ടപ്പെടുമോ എന്നുള്ള ഭയത്താൽ അല്ലെങ്കിൽ ഭൗതികശക്തികളെ ഭയന്നുകൊണ്ട്, അറിഞ്ഞോ, അറിയാതെയോ പ്രത്യക്ഷമോ അപ്രത്യക്ഷമോ ആയി ബഹുദൈവാരാധനയിൽ അകപ്പെട്ട് ആ നിലയിലേക്ക് വേഗം നീങ്ങുകയാണ്. അത് മതത്തിൽനിന്ന് അകറ്റുന്നതും ദൈവത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതുമായ നിലയിലേക്കാണ് നീങ്ങുന്നത്. കഴിഞ്ഞകാലത്തും നബിമാരെ എതിർത്തിരുന്നതും അവരെ പരിഹസിച്ചിരുന്നതും തിന്മയിലും ബഹുദൈവാരാധനയിലും മുഴുകിയിരുന്നതും ഈ പ്രകൃതക്കാർ തന്നെയാണ്. ഇതിന്റെ ഫലമായിട്ടാണ് അവരുടെമേൽ ശിക്ഷയിറങ്ങിയത്.

അല്ലാഹു നബിമാരെ അയച്ചത്, അല്ലെങ്കിൽ അയക്കുന്നത് അവരെ വിശ്വസിച്ചുകൊണ്ട് വഴിതെറ്റിപ്പോയ ജനങ്ങൾ നേരായ മാർഗ്ഗത്തിലേക്ക് വരാൻ വേണ്ടിയാണ്. ഈ ലോകത്ത് അല്ലെങ്കിൽ പരലോകത്ത് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയാണ്. പക്ഷേ, മുന്നറിയിപ്പുണ്ടായിട്ടും, മനസ്സിലാക്കിക്കൊടുത്തിട്ടും സത്യനിഷേധികളുടെ ഒരു വൻഭൂരിപക്ഷം അല്ലാഹുവിന്റെ പിടിത്തത്തിനും ശിക്ഷയ്ക്കും വിധേയരായി. ചിലരുടെ ചരിത്രം അല്ലാഹു വിശുദ്ധഖുർആൻ മുഖേന നമുക്ക് നല്കിയിരിക്കുന്നു. ആ ജനതയിൽ നിലനിന്നിരുന്ന തിന്മയെക്കുറിച്ചും പറഞ്ഞുതന്നു. ഇന്ന് കഴിഞ്ഞുകടന്ന ജനങ്ങളിലുണ്ടായിരുന്നതും അല്ലാഹു പറഞ്ഞതുമായ ആ തിന്മകളിൽ ഏതെങ്കിലും ഒന്ന് ഇക്കാലത്തെ ജനങ്ങളിൽ ഇല്ലാത്തതായിട്ടുണ്ടോ?

നബിമാർ മനസ്സിലാക്കിക്കൊടുത്തിട്ടും ഞാൻ പറഞ്ഞതുപോലെ കുറച്ചുപേരൊഴികെ മറ്റാരും ദോഷങ്ങളിൽനിന്ന് പിന്മാറിയിരുന്നില്ല. ആ ജനതയിലെ ആളുകൾ നാണംകെട്ട പ്രവൃത്തികളിൽ മുഴുകി. സ്വഭാവദൂഷ്യങ്ങളിൽ അകപ്പെട്ടു. കച്ചവടങ്ങളിൽ വഞ്ചന കാണിക്കുന്നതിൽ പരസ്പരം മത്സരിച്ചു. ഇവിടെയും വലിയ തോതിൽ വഞ്ചനയും ചതിയും നടന്നുകൊണ്ടിരിക്കുന്നുണ്ട്. സ്വന്തം ആളുകളോട് വഞ്ചന കാണിക്കുന്നില്ലെങ്കിൽതന്നെ അന്യമതക്കാരോട് വഞ്ചന കാണിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം ഇവിടെ നടന്നുവരുന്ന കാര്യങ്ങളാണ്. കളവിൽ അവർ അങ്ങേയറ്റം എത്തിയവരായിരുന്നു. അത് ഇവിടെയും ഇന്ന് കാണാൻ കഴിയുന്നു. ബഹുദൈവാരാധനയിൽ അവർ മുഴുകിയിരുന്നു. അതും ഇന്ന് നാം കാണുന്നു. ചുരുക്കത്തിൽ വിവിധ ജനതകളിൽ, വിവിധ ദോഷങ്ങൾ ഉണ്ടായിരുന്നുവെന്നു മാത്രമല്ല, അതിൽ അവർ അതിരുകടന്നിരുന്നു. നബിമാർ മനസ്സിലാക്കിക്കൊടുത്തിട്ടും അവർ പിന്മാറിയിരുന്നില്ല.

അപ്പോൾ അല്ലാഹു ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ അവരെ ഭൂമിയിലേക്കയച്ചിട്ടുള്ളത് ആ ഉദ്ദേശ്യം പൂർത്തിയാക്കുന്നില്ലെങ്കിൽ അവന്റെ ശിക്ഷയ്ക്കിരയായിത്തീരുന്നതാണ്. തർക്കശാസ്ത്രപരമായി നോക്കുമ്പോൾ, ഈ ഫലം തന്നെയായിരുന്നു അവരുടെ പ്രവർത്തനത്തിൽ ഉണ്ടാകേണ്ടിയിരുന്നത്. അതുതന്നെയാണ് ഇക്കാലത്തുണ്ടായിക്കൊണ്ടിരിക്കുന്നതും. ഇനിയും അതുതന്നെയാണ് ഉണ്ടാകുക. അത് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇല്ലെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ 'ഞങ്ങളെ ഈ തിന്മകൾ കാരണത്താൽ ശിക്ഷിച്ചു, എന്നാൽ ഞങ്ങൾക്കുശേഷം വന്നവർ ഞങ്ങൾ ചെയ്തതുപോലെ തിന്മ ചെയ്തിട്ട് നീ ശിക്ഷിച്ചില്ല' എന്ന് മുൻജനതകൾ പരാതിപ്പെടാൻ കാരണമാകും. അല്ലാഹു അധികാരിയുമാണ്. ചിലർക്ക് ഈ ലോകത്ത് ശിക്ഷ കിട്ടുന്നു. ചിലർക്ക് മരിച്ചതിനുശേഷം കിട്ടുന്നു. പക്ഷേ, അല്ലാഹുവിന്റെ ഈ സുന്നത്തനുസരിച്ച് അത്തരക്കാർ ശിക്ഷയ്ക്ക് വിധേയരായിത്തീരുന്നു.

അല്ലാഹു അക്രമിയാണെന്ന് ഇക്കാലത്ത് പറ

യാറുണ്ടല്ലോ? അല്ലാഹു അക്രമം ചെയ്യാറില്ല. മറിച്ച്, സ്വന്തം അക്രമം കാരണത്താലാണ് ഇക്കൂട്ടർ ശിക്ഷയ്ക്കിരയാകുന്നത്. മനുഷ്യൻ നിർമ്മിച്ചുവെച്ചിട്ടുള്ള നിയമത്തിന് ഭൂരിപക്ഷം തടസ്സം നിന്നാലും അതിനെ പൊട്ടിക്കാനും മാറ്റാനും കഴിയും, കൂട്ടാനും കുറയ്ക്കാനും കഴിയും. അതിന്നെതിരിൽ നടക്കുന്നവന് ശിക്ഷയും കിട്ടും. മനുഷ്യരോട് വലിയ സഹതാപമുള്ളവരാണെന്നാണ് ഇക്കൂട്ടർ പറയുന്നത്. ചില യൂറോപ്യൻ രാഷ്ട്രങ്ങളിൽ വധശിക്ഷ പാടില്ലെന്നും നിയമമുണ്ട്. കാരണം മനുഷ്യന്റെ ജീവനെടുക്കുക എന്നത് മനുഷ്യത്വമല്ലത്രെ! എന്തായാലും കൊലപാതകിക്ക് ജീവപര്യന്തം തടവ് വിധിക്കാറുണ്ട്. കൊലപാതകിയെ വധിക്കാൻ പാടില്ല. വധിക്കപ്പെട്ടവന്റെ കുടുംബം ജീവിതകാലം മുഴുവൻ വേദന തിന്നുകഴിയണം. എന്തായാലും പരമാവധി കൊടുക്കാവുന്ന ശിക്ഷ അവർ നിശ്ചയിച്ചിട്ടുണ്ട്- അതായത്, ജീവപര്യന്തം തടവ്. ഞാൻ പറഞ്ഞുവന്നത് ഇത്തരക്കാർക്ക് കുറ്റവാളിയെ ശിക്ഷിക്കാൻ അവകാശമുണ്ടെന്നിരിക്കെ- അത് കുറച്ചോ കൂട്ടിയോ ഒക്കെ കൊടുക്കാം- എല്ലാത്തിന്റെയും അധികാരിയായവന് അവന്റെ നിയമത്തെ എതിർക്കുന്നവനെ എന്തുകൊണ്ട് ശിക്ഷിക്കാൻ അനുവാദമില്ല. മതത്തെ പരിഹസിക്കുന്നവരുടെ പക്കൽ അല്ലാഹുവിന് ശിക്ഷിക്കാൻ അവകാശമുണ്ടോ ഇല്ലേ എന്നതിന് ഒരു തെളിവുമില്ല. അതുകൊണ്ട് ഇങ്ങനെ കുറച്ചാളുകൾ അറിവില്ലാതെയും ഭൂരിപക്ഷമാളുകൾ അറിഞ്ഞുകൊണ്ടും മതത്തെ വളച്ചൊടിച്ച് സമർപ്പിക്കുന്നു. മനുഷ്യൻ സ്വയം നിർമ്മിച്ച മതത്തിന്റെ വികലമായ രൂപം സമർപ്പിക്കുന്നു. അത് അല്ലാഹുവിൽ നിന്ന് നബിമാർക്കിറങ്ങിയ കല്പനയല്ല. ഈ തെറ്റായ ചിത്രം സമർപ്പിച്ചുകൊണ്ട് ഈ അധ്യാപനമാണ് നബിമാർ കൊണ്ടുവന്നതെന്നും ആ നബിമാരുടെ ദൈവം അവരിൽ ഇറക്കിയതും ഇതു തന്നെയാണെന്നും പറയുന്നു. നബിമാരും (നൗഊദുബില്ലാഹ്) ഫിത്നയും കുഴപ്പവും അക്രമം ചെയ്തവരായിരുന്നുവെന്നും അല്ലാഹുവും അങ്ങനെ തന്നെയായിരുന്നുവെന്ന് പറയുന്നു. ഒപ്പേറയിൽ കളിച്ച നാടകത്തെക്കുറിച്ച് ഞാൻ പറയുകയായിരുന്നു. അതിലും നബിമാരെ പരിഹസിച്ചിരിക്കുകയാണ്. ഇതിൽ പറഞ്ഞിരിക്കുന്ന കഥ ഇങ്ങനെയാണ്. ഒരു രാജാവ് കടൽകൊടുങ്കാറ്റിൽപെട്ടു. സുരക്ഷിതമായി താൻ കരയിലെത്തുകയാണെങ്കിൽ ആദ്യം കാണുന്ന വ്യക്തിയെ ബലി കൊടുക്കുന്നതാണെന്ന് അയാൾ സമുദ്രത്തിന്റെ ദേവതയോടു പറഞ്ഞു. സന്ദർഭവശാൽ അയാൾ ആദ്യം കണ്ടത് തന്റെ മകനെയായിരുന്നു. അപ്പോൾ അയാൾ തന്റെ തീരുമാനം മാറ്റി. ഇത് മൂന്നുവർഷം മുമ്പേ അവതരിപ്പിച്ച കഥയാണെന്ന് കേൾക്കാൻ കഴിഞ്ഞു. അയാൾ തന്റെ തീരുമാനം മാറ്റിയപ്പോൾ ആ ദേവത കോപിച്ചു. അങ്ങനെ അയാളുടെ ജനതയുടെമേൽ വൻനാശം വന്നു. അപ്പോൾ രാജാവ് തന്റെ ബലിയർപ്പിച്ചു. അതോടെ ശിക്ഷ തീർന്നു.

മതങ്ങളെ പരിഹസിക്കുക എന്നതായിരുന്നു ഇതുകൊണ്ടുള്ള ലക്ഷ്യം. പ്രത്യേകിച്ച് മുസ്‌ലിംകളെ ആയിരുന്നു അവർക്ക് ലക്ഷ്യമാക്കേണ്ടിയിരുന്നത്. അതുകൊണ്ട്, ഇപ്പോൾ കഥയിൽ അല്പം മാറ്റം വരുത്തി, ഒരു യൂനാനിദേവതയേയും ബുദ്ധനേയും ഹദ്റത്ത് ഈസായേയും നബി(സ) തിരുമേനിയേയും തെറ്റായ രീതിയിൽ ചിത്രീകരിച്ച് അങ്ങേയറ്റം അക്രമപരമായ പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. രാജാവ്, ബലി നടത്തുന്നതിൽനിന്ന് പിന്മാറിയിരുന്നല്ലോ. അതിനെ ഇപ്പോൾ ന്യായീകരിച്ചിരിക്കുന്നു. അതായത് ദൈവത്തിന്റെ അക്രമപരമായ വിധിക്കുമേൽ മനുഷ്യബുദ്ധി അതിജയിക്കണം എന്ന നിലയിലാക്കി മാറ്റി. നബിമാരെ ദൈവത്തിന്റെ അക്രമം പ്രകടിപ്പിക്കുന്നതിനുള്ള ചിഹ്നമായി അവരിപ്പോൾ സമർപ്പിച്ചിരിക്കുന്നു. ഒരു പ്രാവശ്യം അവതരിപ്പിച്ച ഈ നാടകം കുറച്ചു ദിവസത്തിനുള്ളിൽ വീണ്ടും കാണിക്കാൻ പരിപാടിയുണ്ട്. ഇന്നാലില്ലാഹ്. ലൗകികതയിൽ മുങ്ങിയിരിക്കുന്ന ഇക്കൂട്ടർക്ക് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തെക്കുറിച്ച് ഒരു വിവരവുമില്ല. അല്ലാഹുതന്നെയും തന്റെ നബിമാരേയും കുറിച്ച് വലിയ അഭിമാനമുള്ളവനാണ്. ഇക്കൂട്ടർ ആ നബിയേയും അല്ലാഹുവിനെതന്നെയും നിന്ദിച്ചിരിക്കുകയാണ്. 'നിന്നെ നാം സൃഷ്ടിക്കാനുദ്ദേശിച്ചില്ലായിരുന്നെങ്കിൽ ഈ ആകാശവും ഭൂമിയും സൃഷ്ടിക്കുമായിരുന്നില്ല' എന്നാണ് ആ മഹാനായ നബിയെക്കുറിച്ച് അല്ലാഹു പറഞ്ഞത്. ഏതൊരു ദൈവത്തിന്റെ കാരുണ്യത്തിന്റേയും പരിപാലനത്തിന്റേയും ഫലമായിട്ടാണോ ഇവർ ഭൗതിക സമ്പത്തുകൾ വാരിക്കൂട്ടുന്നത് ആ ദൈവത്തിനുമേലാണ് ആരോപണം ഉന്നയിക്കുന്നത്. ഇരിക്കുന്ന ചില്ല തന്നെ മുറിക്കുന്നു. ലൗകികതയിൽ മുഴുകികിടക്കുന്നവനും, ബുദ്ധിയ്ക്ക് അന്ധത ബാധിച്ചവരും ആയിട്ടുള്ളവരേ! അക്രമികളും നന്ദികേടു കാണിക്കുന്നവരും നിങ്ങളാണെന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ അത് അസ്ഥാനത്താകുകയില്ല.

തിയറ്ററിന്റെ ഡയരക്ടർ- സ്ത്രീയാണെന്നു തോന്നുന്നു- ഒരിക്കൽ ഈ നബിമാരുടെ ഭാഗം സെൻസർ ചെയ്യാൻ തീരുമാനിച്ചിരുന്നു. പക്ഷേ, ഇതിനെ കൂടുതൽ പൊക്കിപ്പിടിച്ചുകൊണ്ട് നടക്കുന്ന

മന്ത്രിമാരും വലിയവരും അത് സെൻസർ ചെയ്യേണ്ട, കാണിക്കുകതന്നെ വേണമെന്നും അവർ നിങ്ങളോടൊപ്പം ഉണ്ടെന്നും പറഞ്ഞതായിട്ട് എനിക്കറിയാൻ കഴിഞ്ഞു. അവർ തിന്മകളിൽ മുങ്ങിത്താണു കിടക്കുന്നവരും മാലിന്യങ്ങളിൽ അകപ്പെട്ടുകിടക്കുന്നവരും പരിധി ലംഘിച്ചവരുമാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത്തരം തിന്മകൾ പ്രചരിപ്പിക്കണമെന്ന് പറയേണ്ടത് അവരുടെ ആവശ്യവുമായിരുന്നു. എങ്കിലല്ലേ ഇവരുടെമേൽ മറ ഉണ്ടാകുകയുള്ളൂ. അവർ മതത്തിന്നെന്തായാലും എതിരാണ്.

മറ്റൊരു കാര്യവും ഇതിൽ ആശ്ചര്യാവഹമായിട്ടുണ്ട്. ഇതിൽ എവിടെയും ഹദ്റത്ത് മൂസായെക്കുറിച്ച് പറയുന്നില്ല. അദ്ദേഹത്തേയും ഇതിൽ ഉൾപ്പെടുത്തണമായിരുന്നുവെന്ന് ഞങ്ങൾ ഒരിക്കലും പറയുകയില്ല. ഞങ്ങളുടെ ദൃഷ്ടിയിൽ സകല നബിമാരും ആദരണീയരാണ്. അല്ലാഹുവിൽനിന്നുള്ളവരാണ്. പക്ഷേ, ഇവരുടെ ഉദ്ദേശ്യമെന്താണെന്ന് അറിയാൻ കഴിയുന്നുണ്ട്. പത്രപ്രവർത്തകർ ഉൾപ്പെട്ട ചിലരുടെ വിചാരം യഹൂദികൾക്ക് ഇതുമുഖേന വിഷമം ഉണ്ടാകും എന്നാണ്. പക്ഷേ, കാര്യം ഇതുമാത്രമല്ല. ഞാൻ കരുതുന്നത് ഇതനേക്കാൾ അപ്പുറത്തേക്ക് കാര്യം നീങ്ങുന്നു എന്നാണ്. ഇസ്‌ലാമിനെതിരിൽ ആഴത്തിലുള്ള ഒരു ഗൂഢാലോചനയാണിത്. അല്ലാഹു ഇസ്‌ലാം- അഹ്മദിയ്യത്തിനെ ശത്രുക്കളുടെ എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. ഇന്ന് ശത്രുക്കളുടെ ഈ പ്രവർത്തനങ്ങൾക്ക് മറുപടി നല്കേണ്ടത്, ലോകത്തെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കേണ്ടത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അതുകൊണ്ട് ഇവർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കുക. ഓരോ അഹ്മദിയും അവരുടെ പരിചയക്കാരായ ഓരോരുത്തരോടും പറയുക. നാമമാത്രമായ മുസ്‌ലിംകളേയും ഓരോ അഹ്മദിയും രക്ഷിക്കുക. സന്മാർഗ്ഗം തിരഞ്ഞെടുത്തതിനുശേഷം ഈ നിരർത്ഥകമായ പ്രവർത്തനങ്ങളിൽ തോളോടുതോൾ ചേർന്നുനിന്ന് സ്വയം എന്തിനാണ് അഗ്നികുണ്ഠത്തിൽ തങ്ങളെ ഇടുന്നതെന്ന് അവരോട് ചോദിക്കുക. ജനങ്ങളോടുള്ള സഹതാപം കൊണ്ടാണ് നബിമാർ ലോകത്ത് വരുന്നതെന്ന് ക്രിസ്ത്യാനികളോടും നിർമ്മതക്കാരോടും മറ്റു മതാനുയായികളോടും പറയുക. ജനങ്ങളെ അക്രമങ്ങളിൽനിന്ന് അകറ്റാൻ വേണ്ടിയാണ് അല്ലാഹു അവരെ അയക്കുന്നത്. അല്ലാതെ അക്രമം ചെയ്യാനല്ല. നിങ്ങൾ ഞങ്ങളുടെയടുത്ത് വരിക. ഞങ്ങൾ നിങ്ങൾക്ക് പറഞ്ഞുതരാം. ഇസ്‌ലാമിന്റെ ദൈവം, തന്റെ വിശേഷഗുണമായ കാരുണ്യത്തിന്റെ ജ്യോതിസ് കാണിച്ചുകൊണ്ട്, അക്രമപരമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നിട്ടും നിങ്ങൾക്ക് അനുഗ്രഹങ്ങൾ നല്കിയിരിക്കുന്നു. അവനിലേക്ക് നിങ്ങൾ വരിക. നിങ്ങൾ ചെയ്ത പാപങ്ങൾക്ക് അവനോട് മാപ്പിരക്കുക. ദൈവം അക്രമം ചെയ്യും എന്ന ധാരണ നിങ്ങളുടെ ബുദ്ധിയിൽനിന്ന് മാറ്റുക. അവൻ നബിമാരെ അയക്കുന്നത്, നിങ്ങളോടുള്ള സഹതാപം കൊണ്ടാണ്; നിങ്ങളെ ഈ തിന്മകളിൽനിന്നെല്ലാം രക്ഷിക്കാൻ വേണ്ടിയാണ്. അവൻ തന്നെയാണ് നബിമാരെക്കൊണ്ട് ഇങ്ങനെ വിളംബരം ചെയ്യിക്കുന്നത്.

***ല അല്ലക്ക ബാഖിഉൻന്നഫ്സക്ക അല്ലാ യക്കൂനൂ മുഅ്മിനീൻ*** അവർ വിശ്വാസികളാകാത്ത കാരണത്താൽ നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം (26:4).

അല്ലാഹുവിന്റെ കല്പനകൾ പാലിച്ചു ജീവിക്കുന്നവരും തങ്ങളുടെ ജീവിതോദ്ദേശ്യം അറിയുന്നവരും ആയിരിക്കണമെന്ന് മാത്രമാണ് ആ നബിമാരുടെ ആഗ്രഹം. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിക്കൊണ്ട്, ഭൗതികമായ അനുഗ്രഹങ്ങൾ മാത്രമല്ല, മറിച്ച്, ആത്മീയമായ അനുഗ്രങ്ങളും കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുവേണ്ടിയാണിത്. അവർ തങ്ങളുടെ രാത്രിയിലെ ഉറക്കം ജനങ്ങളുടെ ദുഃഖത്തിൽ ലയിപ്പിച്ചുകളയുന്നു; ജനങ്ങൾ വിശ്വസിക്കുന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടിയാണ് അവർ ഇങ്ങനെ പ്രാർത്ഥിക്കുന്നത്. ഇതാണ് ഇസ്‌ലാമികമായ പാഠം. ഇതിൽ നിങ്ങൾക്കും മോക്ഷമുണ്ട്. അല്ലാഹുവിന്റെ തൃപ്തിയുമുണ്ട്. ഏതെങ്കിലും സമുദ്രത്തേയോ, നദിയേയോ കാറ്റിനേയോ ദൈവമായി കരുതുന്നുവെങ്കിൽ, അത് മനുഷ്യന്റെ സങ്കല്പം മാത്രമാണ്. ഇസ്‌ലാമിന്റെ ദൈവം ഏകനായ ദൈവമാണ്. സകല ശക്തികളുടേയും അധികാരിയായ ദൈവമാകുന്നു. അവൻ പരോക്ഷവും പ്രത്യക്ഷവുമായ കാര്യങ്ങൾ അറിയുന്നവനാണ്. ഇസ്‌ലാമിന്റെ ആ ദൈവം വിശുദ്ധഖുർആനിൽ ഇറക്കിയ തന്റെ പരിശുദ്ധമായ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ നമ്മോട് പറഞ്ഞിരിക്കുന്നത്, നന്ദികേട് കാണിക്കുന്ന അത്തരമാളുകൾ സമുദ്രത്തിലെ കൊടുങ്കാറ്റിൽ അകപ്പെടുമ്പോൾ തന്നെ ഓർമ്മിക്കുന്നു എന്നാണ്. തങ്ങൾ രക്ഷപ്പെട്ട് കരയിലെത്തിയാൽ തീർച്ചയായും നിന്നെ ആരാധി ക്കുന്നതാണ്, അതുകൊണ്ട് തങ്ങളെ രക്ഷിക്കുക എന്ന് അവർ വാഗ്ദാനം ചെയ്യുന്നു. എന്നാൽ, അവർ കരയ്ക്കെത്തിക്കഴിഞ്ഞാൽ, ആ ദൈവത്തെ മറന്നുകളയുന്നു.

അല്ലാഹു തന്റെ ദാസരുടെമേൽ കരുണ കാണിക്കുന്നു. കാരുണ്യം കൊണ്ടാണ് അവൻ തന്റെ

നബമാരെ അയക്കുന്നത്. തന്റെ ദാസരെ ശയ്ത്വാന്റെ പിടിയിൽനിന്ന് രക്ഷപ്പെടുത്തുക എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ഞങ്ങൾ ഇതിനുപകരമായി നിങ്ങളിൽനിന്ന് ഒരു പ്രതിഫലവും ചോദിക്കുന്നില്ലെന്ന് അവർ വിളംബരം ചെയ്യുന്നു. ഞങ്ങളെക്കുറിച്ച് അല്ലാഹു പറഞ്ഞതിങ്ങനെയാണെന്ന് അവർ പറയുന്നു.

***ഇൻ അജ്രിയ ഇല്ലാ അലല്ലദീ ഫത്വറനീ അഫ്ലാ തഅ്ഖിലൂൻ*** എനിക്ക് പ്രതിഫലം നല്കാനുള്ള ബാധ്യത എന്നെ സൃഷ്ടിച്ചവന്റെമേൽ മാത്രമാണ്. എന്നിട്ടും നിങ്ങൾ ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നില്ലേ. (11:52)

ഈ സന്ദേശവും, ഈ ജനതയിലെ ഓരോ വ്യക്തിയ്ക്കും എത്തിച്ചുകൊടുക്കേണ്ടത് ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. അല്ലയോ വഴിതെറ്റിക്കിടക്കുന്നവരേ, അല്ലാഹുവിന്റെ വഴിയിൽനിന്ന് അകന്നുപോയവരേ, അല്ലാഹു നിങ്ങളുടെമേൽ കരുണ ചെയ്തുകൊണ്ട് ഇക്കാലത്തും തന്റെ അവസാന നബി(സ)യുടെ പ്രാതിനിധ്യത്തിൽ തന്റെ ഒരു നബിയെ അയച്ചിരിക്കുന്നുവെന്ന് അവർക്ക് പറഞ്ഞുകൊടുക്കണം. അതുകൊണ്ട് ഇസ്ലാമിനേയും ഇസ്ലാം മതസ്ഥാപകരേയും(സ) ആക്ഷേപിക്കുന്നതിനും അല്ലാഹുവിനെക്കുറിച്ച് ദുർഭാവന വെച്ചുപുലർത്തുന്നതിനും നഊദുബില്ലാഹ് കരുണാമയനായ അല്ലാഹുവിനെ അക്രമി എന്ന്പറഞ്ഞ് മുദ്രകുത്തുന്നതിനും പകരം മാതാപിതാക്കളേക്കാൾ കൂടുതൽ തന്റെ ദാസരോട് വാത്സല്യത്തോടെ പെരുമാറുന്ന ആ ദൈവത്തിലേക്ക് വരികയെന്ന് അവരോട് പറയണം. അവൻ തന്റെ ദാസരെ തീയിൽനിന്ന് രക്ഷപ്പെടുത്തുന്നതിനായി വിളിക്കുന്നു. ദാസൻ കുറഞ്ഞപക്ഷം അവന്റെയടുത്തേക്ക് വേഗം വരാൻ ശ്രമിക്കണമെന്നു മാത്രം. ഇക്കാലത്തെ നേതാവായ അല്ലാഹുവിന്റെ ഈ നബി എത്ര സ്നേഹത്തോടും സഹതാപത്തോടും കൂടിയാണ് തന്റെ വരവിന്റെ ഉദ്ദേശ്യം വിവരിച്ചിരിക്കുന്നതെന്ന് കേൾക്കുക. അവിടന്ന് പറയുന്നു:

“അല്ലാഹുവും അവന്റെ സൃഷ്ടികളും തമ്മിലുള്ള ബന്ധത്തിൽ വന്നുപോയ പൊരുത്തക്കേട് അകറ്റി സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും ബന്ധം വീണ്ടും സ്ഥാപിക്കുക എന്ന ജോലി നിർവഹിക്കുന്നതിയാട്ടാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്. സത്യം വെളിപ്പെടുത്തിക്കൊണ്ട് മതപരമായ യുദ്ധം അവസാനിപ്പിച്ച് സമാധാനത്തിന് അടിത്തറയിടുന്നതിനും മനുഷ്യരുടെ ഓർമ്മകളിൽനിന്ന് മറഞ്ഞുപോയ ആ മതപരമായ സത്യങ്ങൾ വെളിപ്പെടുത്തുന്നതിനും വിഷയേച്ഛകളുടെ ഇരുട്ടിനടിയിൽ അമർന്നുപോയ ആത്മീയതയുടെ മാതൃക കാണിക്കുന്നതിനും വേണ്ടിയാണ് എന്നെ എഴുന്നേല്പിച്ചിട്ടുള്ളത്.”

ഹദ്റത്ത് മസീഹ് മൗഊദ്(അ) അറിവിന്റേയും ജ്ഞാനത്തിന്റേയും തെളിവിന്റേയും അറ്റമില്ലാത്ത ഖജനാവുകൾ നല്കിക്കൊണ്ട് ഈ ജോലിക്കായി ഇന്ന് നമ്മെ എഴുന്നേല്പിച്ചു നിർത്തിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ഉടമ്പടി ചെയ്തിട്ടുള്ള ഓരോ അഹ്മദിയും തന്റെ ഈ ബയ്അത്ത് ഉടമ്പടി നിർവ്വഹിച്ചുകൊണ്ട്, താനിഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക എന്ന കല്പനപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഏല്പിച്ചിട്ടുള്ള ഈ സന്ദേശത്തെ ഈ ജനതയിലെ ഓരോ അംഗത്തിനും എത്തിച്ചുകൊടുക്കുക എന്നത് ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഓരോ കാര്യവും പുലർന്നുകൊണ്ടിരിക്കുന്നത് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നു. അതൊക്കെതന്നെയാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. നാമധാരികളായ മതനേതാക്കന്മാർ തങ്ങളുടെ വ്യക്തിപരമായ നേട്ടത്തിനായി അല്ലാഹുവിന്റെയും മനുഷ്യരുടെയും ഇടയിൽ സൃഷ്ടിച്ചിട്ടുള്ള തെറ്റുധാരണയും മാലിന്യവും കാരണത്താൽ മനുഷ്യനും ദൈവവും തമ്മിൽ അകൽച്ച ഉണ്ടായിരിക്കുന്നു. എഴുന്നേല്ക്കുകയും അല്ലാഹുവിന്റേയും ഇസ്ലാമിന്റേയും യഥാർത്ഥ ചിത്രം സമർപ്പിച്ചുകൊണ്ട് ഇക്കൂട്ടരെ തെറ്റിപ്പോയ വഴിയിൽനിന്ന് മടക്കിക്കൊണ്ടുവരികയും ചെയ്യേണ്ടത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അല്ലാഹുവിനോടും ഖാത്തമുൽഅമ്പിയാ(സ)യോടും അല്ലാഹുവിന്റെ പരിശുദ്ധരായ ദാസന്മാരോടുമുള്ള സ്നേഹത്തിന്റേയും മൈത്രിയുടേയും വികാരം ഭൂരിപക്ഷം ജനങ്ങളുടേയും മനസ്സിൽ സൃഷ്ടിക്കാൻ ശ്രമിക്കേണ്ടതാണ്. മനുഷ്യകുലം മുഴുവൻ യുദ്ധം ചെയ്ത് നശിക്കുന്നതിനു പകരം സത്യസന്ധതയിൽ നിലനിന്നുകൊണ്ട് പരസ്പരമുള്ള കടമ നിർവ്വഹിക്കുന്നവരായിത്തീരുന്നതിനും ആത്മീയതയിൽ അഭിവൃദ്ധിപ്പെടുന്നതിനും വേണ്ടി. ഇങ്ങനെയായിത്തീർന്നാൽ, തീർച്ചയായും അല്ലാഹുവിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവർ അവന്റെ മുമ്പിൽ പ്രണമിക്കുന്നവരായിത്തീരും. ഇൻശാഅല്ലാഹ്. കുറച്ചാളുകളുടെ പ്രവർത്തനങ്ങളിൽ നിരാശരാവേണ്ട ആവശ്യമില്ല. ഇൻശാഅല്ലാഹ്. ഈ ജനതയിൽ അഹ്മദിയ്യത്ത് വ്യാപിക്കും. ഒരുപാട് ജർമൻ അഹ്മദികൾ, തങ്ങളുടെ സഹജനതയുടെ പ്രവർത്തനത്തിൽ ലജ്ജിക്കുന്നതായി നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നതുപോലെ,

നബിമാരേയും അല്ലാഹുവിനേയും കുറിച്ച് തെറ്റായ വീക്ഷണം വെച്ചുപുലർത്തുന്നവരെ ഓർത്ത് വരും കാലത്ത് ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജർമൻ അഹ്മദികൾ ലജ്ജിക്കുന്നതാണ്. ജർമൻകാർ പ്രവർത്തനനിരതരും ഐക്യമുള്ളവരുമായ ഒരു ജനതയാണ്. ഇൻശാഅല്ലാഹ്, ഇന്ന് ഈ അഹ്മദികൾ തങ്ങളുടെ പ്രബോധനകടമ നല്ലനിലയിൽ നിറവേറ്റിയാൽ ഈ ജനതയിൽ അതൊരു വൻവിപ്ലവം സൃഷ്ടിക്കും.

മുസ്ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഒരിക്കൽ പറഞ്ഞു: ജർമൻ ജനതയുടെ കാരക്റ്റർ ഉന്നതമാണ്. ആശ്ചര്യമുളവാക്കുംവിധം വളരെ പെട്ടെന്നാണ് അവർ ഹംബർഗ് പട്ടണം നിർമ്മിച്ചത്. വീണ്ടും പറഞ്ഞു: അത്തരം ആത്മാവിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പാഠം നല്കുന്ന, ഇസ്ലാമിനെ ജർമൻജനത ശക്തമായ ചൈതന്യത്തോടുകൂടി എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്."

അതുകൊണ്ട് നമ്മുടെ ജോലി സന്ദേശമെത്തിക്കുക എന്നതാണ്. ഇതിന് ഒരുപാട് നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ലിറ്ററേച്ചറുകൾ നിങ്ങളുടെകൈയിലുണ്ട്. അത് ഞാൻ പരിശോധിച്ചിരുന്നു. ഒരുകാലത്ത് അത് പ്രസിദ്ധീകരിച്ചു. ഒരു പരിപാടിയോടുകൂടി ആയിരക്കണക്കിന് അത് വിതരണവും ചെയ്തു. വീണ്ടും പ്രസിദ്ധീകരിക്കുന്നതിനു പകരം മൗനം പാലിച്ചു. അല്ലെങ്കിൽ സ്റ്റോക്കിൽ കെട്ടികിടന്നു. വിതരണം ചെയ്തില്ല. ഇതും തെറ്റായ പ്രവണതയാണ്.

സന്ദർഭത്തിനനുസരിച്ച് ലിറ്ററേച്ചറുകൾ പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ ചോദ്യങ്ങളൊന്നും ഇന്നുണ്ടായതല്ല. ഇത് എന്നെന്നും ഉന്നയിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങളാണ്. അതിന്റെ മറുപടികൾ തയ്യാറായി കിടക്കുന്നുണ്ട്. എത്തിക്കുക എന്നതുമാത്രമാണ് ബാക്കിയുള്ളത്. ഓരോ അഹ്മദിയുടേയും കൈയിൽ ലിറ്ററേച്ചറുകളുണ്ടാവണം. ഓരോ അഹ്മദി പുരുഷനും സ്ത്രീയും വൃദ്ധനും യുവാവുമെല്ലാം സന്ദർഭാനുസരണം പൊതുവായിട്ടുള്ള തബ്ലീഗി ലിറ്ററേച്ചറുകൾ ഓരോ ജർമൻകാരനും എത്തിച്ചുകൊടുക്കേണ്ടതാണ്. എത്തിച്ചുകൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ, ഇന്റർനെറ്റ്, ഈമെയിൽ തുടങ്ങിയവയും ഇതിനായി ഉപയോഗിച്ചുവരുന്നുണ്ട്. ഇതിനെക്കുറിച്ചും, അത് എങ്ങനെ ഉപയോഗിക്കാൻ കഴിയും, എങ്ങനെ കൂടുതലായി പ്രയോജനപ്പെടുത്താൻ കഴിയുമെന്നും ചിന്തിക്കേണ്ടതാണ്. ഇത് തെറ്റായിട്ട് ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിൽ ശരിയായിട്ട് എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ? സന്ദർഭത്തിനൊത്ത് ഓരോ പാർലമെന്റംഗങ്ങൾക്കും മന്ത്രിമാർക്കും ഉന്നതോദ്യോഗസ്ഥന്മാർക്കും പത്രക്കാർക്കും നേതാക്കന്മാർക്കും എന്നല്ല വിദ്യാസമ്പന്നരായ ഓരോരുത്തർക്കും അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തുംവിധമുള്ള ലിറ്ററേച്ചറുകൾ എത്തിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കാലത്ത് ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പോസ്റ്റ് സംവിധാനമുള്ള എല്ലാ സ്ഥലത്തും താനത് എത്തിക്കുമെന്ന് അവിടന്ന് പറഞ്ഞിരുന്നു. അവിടന്ന് നമ്മളോട് പറഞ്ഞു:

"വിശുദ്ധഖുർആന്റെ പ്രചരണത്തിനായി എഴുന്നേറ്റുനില്ക്കുക. പട്ടണങ്ങളിൽ ചുറ്റിക്കറങ്ങുക. വീണ്ടും പറയുന്നു. യൂറോപ്യൻ രാജ്യങ്ങളിലെല്ലാം നിങ്ങളെ സഹായിക്കുന്നതിനായി ഒരുങ്ങിനില്ക്കുന്ന മനസ്സുകളുണ്ട്. അല്ലാഹു നിങ്ങളുടേയും അവരുടേയും ദുഃഖത്തിൽ സൌരത എഴുതിയിരിക്കുന്നു. കണ്ടിട്ടും കണ്ണടച്ചുകളയുന്നവനെപോലെ നിങ്ങൾ മൗനംപാലിക്കരുത്. വിളിക്കുമ്പോൾ തെന്നിമാറുന്നവനെപ്പോലെയുമാകരുത്. ഈ രാജ്യങ്ങളിലെ സഹോദരങ്ങളുടെ നിലിവിളികൾ നിങ്ങൾ കേൾക്കുന്നില്ലേ. ആ സുഹൃത്തുക്കളുടെ ശബ്ദം നിങ്ങളിൽ എത്തുന്നില്ല. നിങ്ങൾ രോഗികളെപ്പോലെയായിത്തീർന്നുവോ? നിങ്ങളുടെ അലസത, ഉള്ളിലുള്ള രോഗം പോലെയായിത്തീർന്നുവോ? ഇസ്ലാമിന്റെ ഉദാത്തമായ സ്വഭാവങ്ങൾ നിങ്ങൾ മറന്നുവോ? നിങ്ങൽ നബി(സ)ന്റെ മൃദുലത വിസ്മരിച്ചുവോ? നിങ്ങൾ സത്യവിശ്വാസികളുടെ ഉൽകൃഷ്ടസ്വഭാവം ഓർക്കാതായോ? അല്ലയോ ജനങ്ങളേ! ജയിലറകളിൽ കഴിയുന്നവരെ മോചിപ്പിക്കുന്നതിനായി, വഴിപിഴച്ചവരെ നേർമാർഗ്ഗത്തിൽ കൊണ്ടുവരുന്നതിനായി സന്നദ്ധരാവുക. നിങ്ങളുടെ കാലത്തെ ആയുധങ്ങളേയും നിങ്ങളുടെ സഹായത്തിന്റെ വിലയും തിരിച്ചറിയുക. നമ്മുടെ കാലഘട്ടം തെളിവുകളുടേയും പ്രമാണങ്ങളുടേയും ആയുധങ്ങളെ ആശ്രയിച്ചുനില്ക്കുന്നു. ന്യായപൂർത്തി വരുത്താതേയും സംശയങ്ങൾ അകറ്റാതേയും നിങ്ങൾക്ക് വിജയമുണ്ടാവുക എന്നത് സാധ്യമേയല്ല. ഇസ്ലാമിന്റെ സത്യത അന്വേഷിച്ചുകൊണ്ട് ആത്മാക്കൾ പ്രവർത്തനസജ്ജമായിരിക്കുന്നു എന്നതിൽ സംശയമില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ എപ്പോഴും ഓർമ്മവയ്ക്കുക. ജർമൻഅഹ്മദികളോടും ഞാൻ പറയട്ടെ. അല്ലാഹു നിങ്ങൾക്ക് അഹ്മദിയ്യത്തിൽ പങ്കുചേരാൻ അവസരം നല്കി. ആദ്യത്തേക്കാൾ കൂടുതൽ സഹതാപമനോഭാവത്തോടെ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാ

മിന്റെ സന്ദേശം നിങ്ങളുടെ സഹോദരജനതയ്ക്കെത്തിച്ചുകൊടുക്കുക; ഇക്കൂട്ടർ ഏകനായ ദൈവത്തെ തിരിച്ചറിഞ്ഞുകൊണ്ട് തങ്ങളുടെ ഇഹപരലോകം നന്നാക്കിത്തീർക്കുന്നതിനുവേണ്ടി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അമേരിക്കക്കാരും യൂറോപ്യൻകാരും നമ്മുടെ ജമാഅത്തിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ, അതിനവർ നിർബന്ധിതരാണ്. അവരുടെ മുമ്പിൽ നാം നമ്മുടെ സത്യതയ്ക്കുള്ള തെളിവുകൾ സമർപ്പിക്കാത്തിടത്തോളം അവർക്ക് നിഷേധിക്കാൻ അവകാശമുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ, ലിറ്ററേച്ചർ തുടങ്ങി തബ്‌ലീഗിനുള്ള എല്ലാ മാർഗ്ഗവും കൈക്കൊള്ളേണ്ടതാണ്. കുറച്ച് സാഹിത്യങ്ങൾ പ്രസിദ്ധീകരിച്ച് കോടിക്കണക്കിനാളുകൾക്ക് അതുമതി എന്ന് പറഞ്ഞ് കുത്തിയിരിക്കുക എന്നത് മായാലോകത്ത് വസിക്കുന്നതുപോലെയാണ്. നമ്മുടെ പ്രവർത്തനമാർഗ്ഗങ്ങൾക്ക് പരിധിയുണ്ട് എന്നത് ശരിതന്നെയാണ്. പക്ഷേ, ഉള്ളത് ശരിയായ നലയിൽ വിനിയോഗിക്കേണ്ടതാണ്. ഒരു ഭാഗത്ത് ശ്രദ്ധിക്കുമ്പോൾ മറുഭാഗം മറന്നുപോകുന്നു. കേന്ദ്രലവലിൽ മാത്രം പോരാ, മറിച്ച്, ഓരോ റീജിയണിലും ഓരോ പട്ടണത്തിലും അഹ്മദികൾ താമസിക്കുന്ന സ്ഥലങ്ങളിലും അല്ലാത്ത സ്ഥലങ്ങളിലും നമ്മെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ലഘുലേഖകൾ എത്തിയിരിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, മറ്റു ഇലക്ട്രോണിക് മാധ്യമങ്ങളും ഉപയോഗിക്കുക.

പോപ്പിന്റെ പ്രസംഗത്തിന് വിശദമായ മറുപടി നല്കണമെന്ന എന്റെ നിർദ്ദേശമനുസരിച്ച് ജർമനി ജമാഅത്ത്, അത് തയ്യാറാക്കുന്നുണ്ട്. കേന്ദ്രത്തിൽ നിന്നും മറ്റും അതിനുള്ള മാറ്ററുകളും അവർ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്നാണ് അത് തയ്യാറാക്കുന്നത്. ഇതിനു മുമ്പേ അത് തയ്യാറാവേണ്ടതായിരുന്നു. അത് അതിന്റെ അവസാനഘട്ടത്തിലാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എത്രയുംവേഗം പ്രസിദ്ധീകരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അത് പോപ്പിനും, ഇവിടുത്തെ വിദ്യാസമ്പന്നരായ ഓരോ വ്യക്തിക്കും എത്തേണ്ടതാണ്. ഇസ്‌ലാമിന്റെ ദൈവം എന്താണെന്ന് അതിലൂടെ അവർക്കറിയുമാറാകണം. നബി(സ) തിരുമേനിയുടെ സ്ഥാനമെന്താണെന്നും അവിടത്തെ ജീവിതമാതൃക എന്താണെന്നും അറിയണം. തീവ്രവാദത്തിന്റേയും ഉഗ്രവാദത്തിന്റേയും ഭീകരവാദത്തിന്റേയും ചിഹ്നമായി ഇവർ മനസ്സിലാക്കുന്ന ആ വ്യക്തി അടിമുതൽ മുടിവരെ ദയയുടെ പ്രതീകമാണെന്ന് അവർക്ക് മനസ്സിലാകണം. സർവ്വലോകത്തിനും കാരുണ്യവാൻ എന്ന ഉപനാമം പ്രാപിക്കുന്ന ആളാണെന്നും എല്ലാവരേക്കാളും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും വിനയത്തിന്റേയും ധ്വജവാഹകരാണെന്നും അറിയണം. അന്യമതത്തിൽ പെട്ട നിഷ്പക്ഷമതികൾ ആവേശത്തോടെ സ്തുതിച്ചുപറഞ്ഞു. അതുകൊണ്ട് ഓർമ്മിക്കുക, ലിറ്ററേച്ചറുകളും, മറ്റു പ്രബോധന സാധനസാമഗ്രികളും സംഘടിപ്പിക്കുക എന്നത് കേന്ദ്രജമാഅത്തിന്റെ ജോലിയാണെന്നതുപോലെ, പ്രവർത്തനരംഗത്ത് അത് ഓരോ കൈയിലും എത്തിക്കേണ്ടതാണ്, ഓരോ വീട്ടിലും എത്തിക്കേണ്ടത് അല്ല, ഓരോ കൈയിലും എത്തിക്കേണ്ടത് ചെറിയവരും വലിയവരും വൃദ്ധരും യുവാക്കളുമായ എല്ലാവരുടേയും ജോലിയാണ്. സുസ്ഥിരമായ നിലയിൽ ഈ ജോലി ചെയ്യേണ്ടത് നിങ്ങളുടെ പ്രവൃത്തിയാണ്. അല്ലാഹുവിന്റെ കല്പനയും ഇതുതന്നെയാണ്. ഇതിന് ഫലം ഉണ്ടാക്കേണ്ട ഉത്തരവാദിത്തം അല്ലാഹുവിന്റേതാണ്. ഇതിനുവേണ്ടി അല്ലാഹു പറഞ്ഞിരിക്കുന്ന മാർഗ്ഗം, നാം എന്തായാലും നടപ്പിൽ വരുത്തേണ്ടതുണ്ട്. ഇല്ലെങ്കിൽ നമ്മുടെ വീഴ്ചയും ബലഹീനതയും അല്ലാഹുവിലേക്ക് തിരിച്ചുവിടുന്ന കാര്യമായിത്തീരുമത്.

തബ്‌ലീഗ് ചെയ്യുന്നതിന്, അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിന് അവൻ ചില വ്യവസ്ഥകൾ വെച്ചിട്ടുണ്ട്. അവർ സൽക്കർമ്മകാരികളും പരിപൂർണ്ണമായ നിലയിൽ അനുസരണം പുലർത്തുന്നവരുമായിരിക്കണം. ജമാഅത്ത് വ്യവസ്ഥിതിയെ ആദരിക്കണം. അപ്പോഴാണ്, അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ കഴിയുക. അങ്ങനെ സന്ദേശമെത്തിക്കുമ്പോൾ അത് മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുകയും ചെയ്യും. അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയും അത്തരക്കാരുടെ പ്രവർത്തനങ്ങൾ അല്ലാഹു ഇഷ്ടപ്പെടുകയും ചെയ്യുന്നു.

അല്ലാഹു പറയുന്നു: ***വമൻ അഹ്സനു ഖൗലൻമ്മിമ്മൻ ദആ ഇലല്ലാഹി വ അമില സാലിഹൻവ്വഖാല ഇന്നനീ മിനൽ മുസ്‌ലിമീൻ***.

അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും സൽക്കർമ്മമനുഷ്ഠിക്കുകയും, ഞാൻ അനുസരണം ഉള്ളവരിൽപെട്ടവൻ തന്നെയാണെന്ന് പറയുകയും ചെയ്യുന്ന ഒരുവനെക്കാൾ നല്ല വാക്ക് പറയുന്നവനാരുണ്ട്? (41:34)

നിങ്ങളുടെ കർമ്മങ്ങളെ ഏറ്റവുമധികം ഇതനുസരിച്ച് വാർത്തെടുക്കേണ്ടിവരും. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിച്ചാൽ പ്രതിഫലവും ഉണ്ടാകും. കാരണം ഒരു ദഅ്‌വത്തെ ഇലല്ലായും ഒരു തബ്‌ലീഗും ഒരു ശ്രമവും, അല്ലാഹുവിന്റെ അനു

ഗ്രഹം ഉണ്ടാകാത്തിടത്തോളം ഫലം കൊണ്ടുവരികയില്ല. അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് അവന്റെ തിരുസന്നിധിയിൽ ആത്മാർത്ഥതയോടെ കുനിയണം. അല്ലാഹുവിനോടുള്ള എല്ലാ കടമകളും നിറവേറ്റണം. അല്ലാഹു ഉപദേശിച്ച എല്ലാ കല്പനകളും അനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. അല്ലാഹുവുമായിട്ടുള്ള എല്ലാ ഇടപാടുകളും പരിശുദ്ധമാക്കി വയ്ക്കേണ്ടത് അത്യാവശ്യമാണ്. സമസൃഷ്ടികളോടും രക്തബന്ധുക്കളോടും അയൽവാസികളോടുമുള്ള കടമ നിറവേറ്റേണ്ടതും നിർബന്ധമാണ്.

എവിടെയൊക്കെ അഹ്മദിയുണ്ടോ അവരുടെ ചുറ്റുപാടും ആരാണോ സഹായത്തിന്നർഹരായിട്ടുള്ളത് അവരെ സഹായിക്കേണ്ടത് നിർബന്ധമാണ്. തബ്ലീഗ് ചെയ്യുന്ന ആളിന്റെ, സന്ദേശമെത്തിക്കുന്ന ആളിന്റെ മാതാപിതാക്കൾ അയാളെ വെറുക്കുകയും ഭാര്യയും മക്കളും അയാളെ ഭയപ്പെടുകയും അനുവദനീയമല്ലാത്ത ഫാഷൻ ഭ്രമത്തിന് അടിപ്പെട്ട് ഭാര്യ അയാളെ ബുദ്ധിമുട്ടിക്കുകയാണെങ്കിൽ, അയൽവാസികൾ അയാളുടെ പ്രവർത്തനങ്ങളിൽനിന്ന് അഭയം തേടുകയാണെങ്കിൽ, നിസ്സാരകാര്യങ്ങളിൽ കോപിക്കുകയാണെങ്കിൽ അത് സൽക്കർമ്മമല്ല. അത്തരക്കാർക്ക് മറ്റുള്ളവരിൽ സ്വാധീനം ചെലുത്താൻ കഴിയുകയില്ല. നിങ്ങളുടെ മാതൃക എന്തായാലും സ്ഥാപിച്ചുകാണിക്കേണ്ടിവരും. ഉന്നതമായ സ്വഭാവം കാണിക്കുകയാണെങ്കിൽ, അല്ലാഹു അനുഗ്രഹം ചൊരിയും. ഇൻശാ അല്ലാഹ്. കാരണം അല്ലാഹുവിന്റെ കല്പന നിറവേറ്റുന്നവരും സൽമാതൃക കാഴ്ചവയ്ക്കുന്നവരും പൂർണ്ണമായും അനുസരിക്കുന്നവരും ആണെങ്കിൽ അവർ അല്ലാഹുവിന്റെ അനുഗ്രഹം സ്വരുക്കൂട്ടുന്നവരായിത്തീരും.

ഞാൻ നിനക്ക് വിജയം നല്കുമെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വാഗ്ദാനം ചെയ്തിരിക്കുന്നുവെന്ന കാര്യം ഓർക്കുക. ഈ വിജയം യൂറോപ്പിലും ഏഷ്യയിലും ഉണ്ടാകും. ആഫ്രിക്കയിലും അമേരിക്കയിലും ഇൻശാഅല്ലാഹ് ഉണ്ടാകും. ദ്വീപുകളിൽ വസിക്കുന്നവരും ഈ അനുഗ്രഹത്തിൽനിന്ന് പിൻതള്ളപ്പെടുകയില്ല. ഇൻശാഅല്ലാഹ്.

അല്ലാഹുവിന്റേതു മാത്രമായിക്കൊണ്ട്, പരിപൂർണ്ണ അനുസരണം കാണിച്ചുകൊണ്ട് സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് അവന്റെ സന്ദേശം എത്തിച്ചുകൊണ്ടേപോകുക എന്നതാണ് നിങ്ങളുടെ ജോലി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി ചേർന്നിരിക്കുന്നവർക്കായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള ആ അനുഗ്രഹത്തിൽ ഭാഗഭാക്കായിത്തീരുന്നതിനുവേണ്ടി.

യൂറോപ്പിലും അമേരിക്കയിലും സന്ദേശമെത്തിക്കുന്നിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വളരെ കുറച്ചുകാലത്തിനുശേഷം ദൈവികാനുഗ്രഹം ഇവരിൽ അധികം പേരേയും അവന്റെ തന്നെ പ്രത്യേക കരങ്ങളാൽ തള്ളിക്കൊണ്ട്, സത്യവും പരിപൂർണ്ണവുമായ തൗഹീദിന്റെ ഈ സമാധാനഗേഹത്തിലേക്ക് പ്രവേശിപ്പിക്കുന്നതാണ്. ഇതിനോടൊപ്പം പൂർണ്ണമായ സ്നേഹവും പൂർണ്ണമായ ഭയവും, പൂർണ്ണമായ ഈശ്വരജ്ഞാനവും നല്കപ്പെടുന്നു. എന്റെ പ്രതീക്ഷ എന്റെ ഭാവനാത്മകമല്ല. പ്രത്യുത, അല്ലാഹുവിന്റെ പരിശുദ്ധമായ വെളിപാടിനാൽ എനിക്ക് ഈ സുവാർത്ത നല്കിയിരിക്കുന്നു."

ഇതെന്തായാലും ഉണ്ടാകേണ്ടതുതന്നെയാണ്. ഇൻശാഅല്ലാഹ്. അല്ലാഹു ഭാഗ്യവാന്മാരായ എല്ലാ ആത്മാക്കളേയും ഇസ്ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവരുന്നതാണ്. ഈ എതിർപ്പും, മതത്തെ പരിഹസിക്കലും അവഹേളിക്കലും ഉണ്ടാകുന്നത്, നമ്മുടെ ജോലിയെ സംബന്ധിച്ച് ഓർമ്മപ്പെടുത്തുന്നതിന്നായിട്ടാണ്. അവസാനവിധി അല്ലാഹു പുറപ്പെടുവിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ, നിങ്ങളിലുള്ള അലസത അകറ്റിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ വലിച്ചടുപ്പിക്കാൻ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ നല്ലകാര്യം പറയുന്നവരായിത്തീർന്നുകൊണ്ട് ഇസ്ലാമിന്റെ യഥാർത്ഥ മോക്ഷത്തിന്റെ സന്ദേശം, നിങ്ങളുടെ നാട്ടിലെ ചെറിയവരിലും വലിയവരിലും എത്തിക്കുക. ഇതാണ് ഇന്ന് ഏറ്റവും വലിയ മനുഷ്യസേവനം. മനുഷ്യകുലത്തിനുവേണ്ടിയുള്ള സേവനവും ഇതുതന്നെ. അല്ലാഹു നമുക്കെല്ലാം ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 22.12.2006 at Baithussubuh, Germany

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala